പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യംനമ്പർ - 473

29/06/2015 ൽ
മറുപടിയ്ക്ക്

## ഖാദി ഗ്രാമ വ്യവസായ മേഖലയിലെ വികസനം

**ചോദ്യം**
**ശ്രീ.കെ.എൻ.എ.ഖാദർ**

**ഉത്തരം**
**ശ്രീ.സി.എൻ.ബാലകൃഷ്ണൻ**
**(ബഹു.സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി)**

| ചോദ്യം | ഉത്തരം |
|---|---|
| (എ) ഖാദി ഗ്രാമ വ്യവസായ മേഖലയുടെ വളർച്ച ഉറപ്പു വരുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; <br>(ബി) ഈ മേഖലയുടെ പശ്ചാത്തല സൗകര്യ വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്; | (എ) & (ബി) ഖാദി ഗ്രാമ വ്യവസായ മേഖലയുടെ വളർച്ച ഉറപ്പു വരുത്തുന്നതിനും പശ്ചാത്തല സൗകര്യ വികസനത്തിനുമായി വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) ഖാദിയ്ക്ക് ആഗോള ട്രേഡ് മാർക്ക് നേടുന്നതിന് എന്തെല്ലാം ശ്രമങ്ങൾ നടത്തിയിട്ടുണ്ട് ; ഇതിന്റെ നിലവിലെ സ്ഥിതി എന്താണ്; | (സി) സംസ്ഥാന സർക്കാർ തലത്തിൽ ശ്രമങ്ങൾ നടത്തിയിട്ടില്ല. |
| (ഡി) ഖാദി വസ്ത്രങ്ങളിൽ ഓർഗാനിക് ചായങ്ങൾ ഉപയോഗിക്കുന്ന രീതി അവലംബിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അക്കാര്യം പരിശോധിക്കുമോ ? | (ഡി) ഖാദി വസ്ത്രങ്ങളിൽ ഓർഗാനിക് ചായങ്ങൾ ഉപയോഗിക്കുന്ന രീതിയാണ് അവലംബിക്കുന്നത്. |

Manu
സെക്ഷൻ ഓഫീസർ

അനുബന്ധം

1. വർഷം മുഴുവൻ ഖാദി തുണിത്തരങ്ങളുടെ ചില്ലറ വിൽപ്പനയ്ക്ക് 10% റിബേറ്റും ഇതിനു പുറമേ ഉത്സവകാലങ്ങളിൽ 10% അധിക റിബേറ്റും നൽകുന്നുണ്ട്. ആഴ്ചയിൽ ഒരു ദിവസം സ്കൂൾ യൂണിഫോം ഖാദി/കൈത്തറി ആക്കണമെന്നും സർക്കാർ ജീവനക്കാർ ഖാദി/കൈത്തറി ധരിക്കണമെന്നും നിർദ്ദേശിച്ചു. അതുവഴി വിൽപ്പനയിൽ 20% വർദ്ധനവുണ്ടാക്കുവാൻ സാധിച്ചിട്ടുണ്ട്.

2. ഖാദി തൊഴിലാളികൾക്ക് നൂൽ നൂൽപ്പിന് കഴിയൊന്നിന് 30 പൈസയും നെയ്ത്തിന് അവരുപയോഗിക്കുന്ന ഓരോ കഴി നൂലിനും 90 പൈസയും ഉൽപ്പാദന ഇൻസെന്റീവ് ആയി നൽകി വരുന്നുണ്ട്. മുടക്കം കൂടാതെ ഖാദിതൊഴിലാളികൾക്ക് പഞ്ഞിയും നൂലും യഥാസമയം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കാലപ്പഴക്കം ചെന്ന ചർക്കകളും തറികളും മാറ്റി നൽകുന്നതിനും റിപ്പയർ ചെയ്യുന്നതിനും നടപടി സ്വീകരിച്ചു.

3. ഖാദിസഹകരണ സംഘങ്ങളേയും മറ്റു ഖാദിസ്ഥാപനങ്ങളേയും പുനരുദ്ധരിക്കുന്നതിന് ബഡ്ജറ്റിൽ തുക വകയിരുത്തി വരുന്നു. ഖാദി മേഖലയിൽ പ്രവർത്തിക്കുന്ന ഖാദി സഹകരണസംഘങ്ങൾക്ക് പുനരുദ്ധാരണത്തിന് ഗ്രാന്റായി 2010-11 സാമ്പത്തിക വർഷം 25 ലക്ഷം രൂപയും 2011-12 ൽ 25 ലക്ഷം രൂപയും 2012-13 വർഷത്തിൽ 6 ലക്ഷം രൂപയും 2013-14 വർഷത്തിൽ 16 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. 2014-15 വർഷം 20 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. മറ്റുസ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനായി 2010-11 സാമ്പത്തിക വർഷത്തിൽ 25 ലക്ഷം രൂപയും 2011-12 വർഷത്തിൽ ഇതിലേയ്ക്കായി 25 ലക്ഷം രൂപയും 2012-13 വർഷത്തിൽ 10 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

4. ഗ്രാമവ്യവസായത്തിൽപ്പെടുന്ന കുമ്മായം, കളിമൺപാത്രം, കരിപ്പട്ടി, പനംകൽക്കണ്ടം, സോപ്പ് തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങൾക്ക് പുനരുജ്ജീവനപരിപാടികൾ (ആകെ പദ്ധതിചെലവിന്റെ 75%) ആവിഷ്കരിക്കുന്നതിന് ഗ്രാമ വ്യവസായ സഹകരണ സംഘങ്ങൾക്ക് / സ്ഥാപനങ്ങൾക്ക് ധനസഹായം എന്ന ശീർഷകത്തിൻ കീഴിൽ 2013-14 വർഷം 25 ലക്ഷം രൂപയും 2014-15 വർഷം 20 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

5. പരമ്പരാഗത വ്യവസായങ്ങളെ കൂടുതൽ ഉൽപ്പാദനപരവും മൽസരാധിഷ്ഠിതവുമാക്കുന്നതിന് പാലക്കാട്, മലപ്പുറം, കോഴിക്കോട് ജില്ലകൾക്കായി 2012-13 ൽ ഒരു ഖാദി ക്ലസ്റ്ററും 2013-14 വർഷത്തേക്ക് എറണാകുളം, ആലപ്പുഴ, കോട്ടയം ജില്ലകൾക്കായി ഒരു ഖാദി ക്ലസ്റ്ററും സ്ഥാപിച്ചിട്ടുണ്ട്.

6. ഖാദി വിൽപ്പന കേന്ദ്രങ്ങളും ഗോ. ഡൗണുകളും കംപ്യൂട്ടർ വൽ. ിക്കരിച്ചു.

7. പരമ്പരാഗത ഖാദി വ്യവസായ മേഖലയുടെ പുനരുദ്ധാരണത്തിനായി പഴയമോഡൽ ചർക്കകളും തറികളും മാറ്റി പുതിയവ സ്ഥാപിക്കുക, പുതിയ വർക്ക്

ഷെഡുകൾ നിർമ്മിക്കുക, തൊഴിൽ സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, നെയ്ത്ത് മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി റെഡിമെയ്ഡ് പാവ് നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുക തുടങ്ങിയവയാണ് നടപ്പാക്കി വരുന്നത്.

8. ഏറ്റുക്കുടുക്ക സ്ലൈവർ പ്ലാന്റിന്റെ പ്രവർത്തനം കാര്യക്ഷമമാക്കി. മുടക്കം കൂടാതെയും സാമ്പത്തികമായും ലാഭകരമായും തൊഴിലാളികൾക്ക് സ്ലൈവർ ലഭ്യമാക്കുന്നതിനു വേണ്ടി ആവശ്യമായ ഗുണമേന്മയുള്ള പഞ്ഞി വിളവെടുപ്പ് സമയത്ത് തന്നെ മൊത്തമായി ടെണ്ടർ നടപടികളിലൂടെ വാങ്ങുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

9. നിലത്തിരുന്ന് ചർക്ക പ്രവർത്തിപ്പിച്ചിരുന്ന സ്ഥാനത്ത് തൊഴിലാളികൾക്ക് മേശയും സ്റ്റൂളും ഏർപ്പെടുത്തി, തൊഴിൽ സൗകര്യങ്ങൾ മെച്ചപ്പെടുത്തി. നെയ്ത്ത് മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി റെഡിമെയ്ഡ് പാവ് നിർമ്മാണ യൂണിറ്റുകൾ ആരംഭിച്ചു. ഖാദി വസ്ത്രങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് നല്ലതരം Rovings/sliver വിതരണം ചെയ്യുന്നുണ്ട്. പരമ്പരാഗത ഖാദി വ്യവസായ മേഖലയുടെ പുനരുദ്ധാരണത്തിനായി പഴയ മോഡൽ ചർക്കകളും തറികളും മാറ്റി സ്ഥാപിച്ചു.

10.ഖാദി മേഖലയുടെ വൈവിദ്ധ്യവൽക്കരണത്തിനായി ഖാദി ഗ്രാമ വ്യവസായ കമ്മീഷന്റെ സഹായത്തോടെ ഖാദി വസ്ത്രങ്ങളുടെ ഡിസൈൻ ആകർഷകമാക്കുന്നതിന് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പുതിയ ഖാദി റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിറ്റുകൾ ആരംഭിച്ചു. നിലവിലുള്ളതിന്റെ പ്രവർത്തനം വിപുലമാക്കി. ഖാദി ഷർട്ടിംഗ് തുണികൾ നെയ്യുന്നതിന് പുതിയ ഡിസൈനിലുള്ള പാറ്റേണുകൾ ഉപയോഗിക്കുന്നു. ഖാദി സിൽക്ക് സാരികൾ പ്രിന്റ് ചെയ്യുന്നതിന് ആധുനിക ഫാഷൻ ഡിസൈനുകൾ തെരഞ്ഞെടുത്ത് ഉപയോഗിക്കുന്നു. ഖാദി റെഡിമെയ്ഡ് യൂണിറ്റിലെ തൊഴിലാളികൾക്ക് ഫാഷൻ ഡിസൈനിംഗിൽ പ്രത്യേക പരിശീലനം നൽകി ആകർഷകമായ ബെഡ് ഷീറ്റുകൾ, തുണിത്തരങ്ങൾ എന്നിവ നിർമ്മിക്കത്തക്ക വിധത്തിൽ തറികളിൽ വേണ്ട മാറ്റങ്ങൾ വരുത്തി .

11. സിൽക്ക് തുണി നെയ്യുന്നതിന് നടപടികൾ സ്വീകരിച്ചു. വസ്ത്ര നിർമ്മാണ യൂണിറ്റുകൾ ആരംഭിച്ചു. നിലവിലുള്ളതിന്റെ പ്രവർത്തനം വിപുലമാക്കി.

12. ഖാദി തൊഴിലാളികളുടെ മിനിമം കൂലി സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് നൽകുന്നതിന് ഒരു സമിതിയെ ചുമതലപ്പെടുത്തി. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മിനിമം കൂലി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

13. 2010-11 വർഷം ഇൻകം സപ്പോർട്ട് പദ്ധതി പ്രകാരം 10 കോടി രൂപയും 2011-12 വർഷം 14.68 കോടി രൂപയും 2012-13 വർഷം ഇതിനുവേണ്ടി 20 കോടി രൂപയും 201314 വർഷത്തേയ്ക്ക് 18 കോടി രൂപയും അനുവദിച്ചിരുന്നു. ഈ തുകകൾ ഖാദി തൊഴിലാളികൾക്ക് വിതരണം ചെയ്തു. 2014-15 വർഷം 22 കോടി രൂപ അനുവദിച്ചതിൽ 21 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.

14. പരമ്പരാഗത തേനീച്ച കർഷകർക്ക് ധനസഹായം നൽകുന്നതിന് വേണ്ടി തേൻ കലവറ എന്ന പദ്ധതി നടപ്പാക്കി. തേനീച്ച വളർത്തൽ വ്യവസായം

വികസിപ്പിക്കുന്നതിന് ബഡ്ജറ്റിൽ തുക വകയിരുത്തുന്നുണ്ട്. ഈ പദ്ധതിയിൻ കീഴിൽ തേനീച്ച കർഷകർക്ക് തേനീച്ച വളർത്തലിൽ പരിശീലന പരിപാടി നടപ്പാക്കി വരുന്നുണ്ട്. തേനീച്ച കൂട് ഒന്നിന് 50% സബ്സിഡി (പരമാവധി 600 രൂപ) നൽകുന്നുണ്ട്. ഈ മേഖലയിൽ ആവശ്യമായ മറ്റ് തുടർ സഹായങ്ങളും ചെയ്തുകൊടുക്കുന്നുണ്ട്.

15. ഖാദി മേഖലയിലെ തൊഴിലാളികളുടെ സംരക്ഷണത്തിന്റെ ഭാഗമായി തറികളുടേയും ചർക്കകളുടേയും ആധുനികവൽക്കരണത്തിനുവേണ്ടിയും ഖാദി മേഖലയുടെ നവീകരണത്തിന് വേണ്ടിയും ഈ മേഖലയിലെ പ്രശ്നങ്ങളെ കുറിച്ച് പഠിക്കുവാനായും കേരള സർക്കാർ നിയോഗിച്ച ശ്രീ.പി.ഗോപിനാഥൻ നായർ ചെയർമാനായ കമ്മിറ്റി അഞ്ച് വർഷത്തേക്ക് വേണ്ടി 120 കോടി രൂപയുടെ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. ആദ്യ വർഷത്തേക്കായി സമർപ്പിച്ച 29.46 കോടി രൂപയുടെ പ്രൊപ്പോസലിൽ, 13.05 കോടി രൂപ ഖാദി സ്ഥാപനങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട്. നവീകരണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. 2015-16 സാമ്പത്തിക വർഷത്തിൽ ഖാദി മേഖലയ്ക്ക് 13.47 കോടി രൂപ പദ്ധതി വിഹിതത്തിൽ അനുവദിച്ചിട്ടുണ്ട്.